(ബി) വിവിധ ഷോറൂമുകളിൽ കേരളീയരായ കൺസയിനീസ് എത്ര പേരുണ്ടെന്നും, അന്യസംസ്ഥാനക്കാർ എത്രപേർ എന്നും വ്യക്തമാക്കുമോ ;

(സി) സപ്ലൈയേഴ്സിനും, കൺസയിനീസിനുമായി എത്രതുക കുടിശ്ശിക നൽകാനുണ്ടെന്നും ഏതുവർഷം മുതൽ എന്നും വ്യക്തമാക്കുമോ ;

(ഡി) 2009-10 കാലയളവിൽ വിൽപ്പനയിനത്തിൽ കോർപ്പറേഷന് എത്ര തുക ലഭിച്ചു എന്നും ഈ തുകയിൽ കേരളത്തിൽ ഉൽപ്പാദിപ്പിച്ചു നൽകിയ സ്ഥാപനങ്ങൾക്ക് നൽകേണ്ട കുടിശ്ശിക എത്ര എന്നും അത് എന്നുമുതൽ വിതരണം ചെയ്യുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കരകൗശല വികസന കോർപ്പറേഷന്റെ വിൽപ്പനശാലകളിലൂടെ പ്രതിവർഷം വിൽക്കുന്ന ഉൽപ്പന്നങ്ങളിൽ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നത് 75 (എഴുപത്തിയഞ്ച്) ശതമാനവും മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളത് 25 (ഇരുപത്തിയഞ്ച്) ശതമാനവുമാണ്.

(ബി) കോർപ്പറേഷന്റെ വിവിധ ഷോറൂമുകളിൽ 2010 ജൂൺ മാസത്തെ കണക്കനുസരിച്ച് കേരളീയരായ കൺസയിനീസ് 80 പേരും അന്യ സംസ്ഥാനങ്ങളിലെ കൺസയിനീസ് 53 പേരുമാണ്.

(സി) സപ്ലൈയേഴ്സിനുള്ള കുടിശ്ശിക 1,25,39,983. (2001 മുതൽ 2004 വരെ)

കൺസൈനേഴ്സ് കുടിശ്ശിക 72,30,577 രൂപ (2001 മുതൽ 2004 വരെ)

(ഡി) 2009-10-ൽ കോർപ്പറേഷന് വിൽപ്പനയിനത്തിൽ 1282.63 ലക്ഷം രൂപ ലഭിച്ചു. സപ്ലൈയേഴ്സിന് കുടിശ്ശിക നൽകാനില്ല.

ശ്രീമതി ജലജകുമാരിയുടെ പ്രൊമോഷൻ

192 (5082) ശ്രീ. ആർ സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകൗശല വികസന കോർപ്പറേഷനിൽ ആശ്രിത നിയമന പ്രകാരം ജോലി നോക്കിവരുന്ന ശ്രീമതി ജലജകുമാരിക്ക് ആവശ്യമായ യോഗ്യത ഉണ്ടായിട്ടും പ്രൊമോഷൻ നൽകുന്നില്ലായെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കോർപ്പറേഷനിൽ പ്രൊമോഷൻ നൽകുന്നതിന് ഏതെങ്കിലും തരത്തിലുള്ള ടെസ്റ്റ് നടത്താറുണ്ടോ ; ഉണ്ടെങ്കിൽ ഇത്തരം പരീക്ഷ നടത്തുന്നത് ആരാണ് ; ഇതിന് മുമ്പായി ഏതൊക്കെ തസ്തികയിലെ പ്രൊമോഷനാണ് ടെസ്റ്റ് നടത്തിയതെന്ന് വ്യക്തമാക്കുമോ ;

(സി) 2002-ൽ നിയമനം ലഭിച്ച ശ്രീമതി ജലജകുമാരിക്ക് നിലവിൽ ഒഴിവുള്ള ടൈപ്പിസ്റ്റ് തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 24-3-2009-ൽ ശ്രീമതി ജെ. ജലജകുമാരിയിൽനിന്നും ലഭിച്ച പരാതി കരകൗശല വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും 27-3-2002-ൽ പരാതിക്കാരി ജോലിയിൽ പ്രവേശിച്ച അവസരത്തിൽ ഇവർക്ക് ഉയർന്ന തസ്തികകൾക്കുള്ള യോഗ്യത ഇല്ലാതിരുന്നതിനാൽ പരാതി നിരസിച്ച് മറുപടി നൽകിയിരുന്നു.

(ബി) ഉണ്ട്. ഇത്തരം പരീക്ഷകൾ പി. & എ. ഡിപ്പാർട്ട്മെന്റാണ് നടത്തുന്നത്. ഇതിനുമുമ്പ് ടൈപ്പിസ്റ്റ് ക്ളാർക്ക്, ക്ളാർക്ക്-കം -സ്റ്റോർകീപ്പർ എന്നീ തസ്തികയിലേക്ക് ടെസ്റ്റ് നടത്തിയിട്ടുണ്ട്.

(സി) ഇപ്പോൾ കൈരളി എറണാകുളം, മുംബൈ വിൽപ്പനശാലകളിലാണ് ടൈപ്പിസ്റ്റ് ക്ളാർക്ക് തസ്തികയിൽ ഒഴിവുള്ളത്. ഈ ഒഴിവുകൾ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് പ്രൊമോഷൻ നൽകി നികത്താനായി ടെസ്റ്റ് നടത്തി. അതിലെ റാങ്കിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ജലജകുമാരി യോഗ്യത നേടിയാൽ പരിഗണിക്കുന്നതാണ്.

ചോറോട് ഓട് വ്യവസായ യൂണിറ്റ്

193 (5083) ശ്രീ. എം. കെ. പ്രേംനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി വ്യവസായ ബോർഡിൽനിന്ന് സഹായധനം സ്വീകരിച്ച് വടകര മണ്ഡലത്തിൽ തുടങ്ങിയ സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വിശദീകരിക്കുമോ ;

(ബി) വടകര ചോറോട് ഓട് വ്യവസായ യൂണിറ്റ് പ്രവർത്തിപ്പിക്കുവാൻ എന്തെങ്കിലും നടപടി വ്യവസായ വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടോയെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

ഓണനാളുകളിലെ കൈത്തറിത്തുണി വിൽപ്പന

194 (5084) ശ്രീ. എൻ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത ഓണനാളുകളിൽ ജില്ലാ കേന്ദ്രങ്ങളിൽ കൈത്തറി തുണിത്തരങ്ങളുടെ പ്രദർശനവും വില്പനയും നടത്തുന്നതിന് സർക്കാർ സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; അത് എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കുമോ ;

(ബി) കൊല്ലം ജില്ലയിൽ ഇപ്പോൾ നിലവിലുള്ള കൈത്തറി വികസന സമിതിക്ക് കൈത്തറി പ്രദർശന വിൽപ്പനയ്ക്ക് വേണ്ട സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly